(സി) 2005 മുതൽ ലഭിച്ച നിക്ഷേപത്തിൽ നിന്ന് പിൻവലിക്കലുകൾ കഴിച്ച് തനിത്തുക ചുവടെ ചേർക്കുന്നു.

2005-2006-ൽ 6,06,89,65,000 രൂപയും

2006-2007-ൽ 6,73,37,83,000 രൂപയും

2007-2008-ൽ 11,26,48,69,000 രൂപയും

2008-2009-ൽ 12,33,31,27,000 രൂപയും

പ്രോവിഡന്റ് ഫണ്ടിൽ നിക്ഷേപമായിട്ടുണ്ട്.

(ഡി) 2010-11-ലെ ബഡ്ജറ്റ് ഡോക്കുമെന്റ് പ്രകാരം നടപ്പുവർഷം പ്രോവിഡന്റ് ഫണ്ട് ഇനത്തിൽ 26,73,71,77,000 രൂപ വരവായി ലഭിക്കുമെന്ന് സംസ്ഥാന സർക്കാർ പ്രതീക്ഷിക്കുന്നു.

ശ്രീ. രാജു ജോർജിന്റെ പെൻഷൻ ആനുകൂല്യങ്ങൾ

141 (1733) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് റവന്യൂ വകുപ്പിൽ നിന്നും സെക്ഷൻ ഓഫീസർ (എച്ച്.ജി.) ആയി റിട്ടയർ ചെയ്ത ശ്രീ. രാജു ജോർജിന്റെ പെൻഷനും, പെൻഷൻ ആനുകൂല്യങ്ങളും അക്കൗണ്ടന്റ് ജനറലിന്റെ അംഗീകാരം ലഭിച്ചതിനുശേഷം ജി.ഒ. (ആർടി) നം.4336/04/ധന തീയതി 23-6-2004 പ്രകാരം അക്കൗണ്ടന്റ് ജനറലിനുതന്നെ തിരിച്ചയച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ശ്രീ. രാജു ജോർജിന്റെ ആക്ഷേപം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; ഈ ആക്ഷേപത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നും ശ്രീ. രാജു ജോർജിന് പെൻഷൻ എന്നത്തേക്ക് ലഭ്യമാക്കുമെന്നും വ്യക്തമാക്കുമോ ;

(സി) ശ്രീ. രാജു ജോർജിന്റെ ആക്ഷേപം ലഭിച്ചിട്ടും പ്രസ്തുത സർക്കാർ ഉത്തരവ് റദ്ദാക്കുവാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) കഴിഞ്ഞ ഒൻപതു മാസമായി പെൻഷൻ അദ്ദേഹത്തിനു വിതരണം ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും കാലതാമസം കൂടാതെ വിതരണം ചെയ്യണമെന്നുള്ള സർക്കാർ ഉത്തരവുകളുടേയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടേയും സുപ്രീം കോടതിയുടേയും ഉത്തരവുകളുടെ ലംഘനമാണിതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലഭിച്ചിട്ടുണ്ട്. അതനുസരിച്ച് 23-6-2004-ലെ ജി.ഒ(ആർ.ടി.നം. 4346/04/ധന ഉത്തരവിലെ നിബന്ധനപ്രകാരം സെക്രട്ടേറിയറ്റ് സബ് ട്രഷറിയിൽ നിന്നും ടിയാന് പെൻഷൻ വിതരണം ചെയ്യാൻ സാധിക്കുകയില്ലെന്ന് അറിയിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറൽ പെൻഷൻ ഓതറൈസ് ചെയ്ത് നിശ്ചയിക്കപ്പെട്ടിരിക്കുന്ന ട്രഷറിയിൽ ലഭിച്ചാലുടൻ പെൻഷൻ വിതരണ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(സി) ഇത് സംബന്ധിച്ച് ഉത്തരവുകളൊന്നും റദ്ദാക്കിയിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്കൗണ്ടന്റ് ജനറൽ പെൻഷൻ ഓതറൈസ് ചെയ്ത് നിശ്ചയിക്കപ്പെട്ടിരിക്കുന്ന ട്രഷറിയിൽ ലഭിച്ചാലുടൻ പെൻഷൻ വിതരണ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(ഇ) ഉത്തരവുകളൊന്നും ലംഘിച്ചിട്ടില്ല.

വെളിച്ചെണ്ണ വില്പനയിൽ നിന്നും ലഭിച്ച നികുതി വരുമാനം

142 (1735) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005-06 കാലയളവിൽ വെളിച്ചെണ്ണ വിൽപ്പനയിൽ നിന്നും ലഭിച്ച നികുതി വരുമാനം എത്രയാണ് ;

(ബി) പ്രസ്തുത കാലയളവിൽ വെളിച്ചെണ്ണയുടെ വിൽപ്പന നികുതി ഇനത്തിൽ ഏറ്റവും കൂടുതൽ നികുതി അടച്ച 10 പേരുടെ പേരും അവർ അടച്ച നികുതി തുകയും എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) വെളിച്ചെണ്ണയുടെ നികുതി ഒഴിവാക്കിയതിനുശേഷം നാളിതുവരെ എത്ര രൂപയുടെ നികുതി നഷ്ടം ഉണ്ടായിട്ടുണ്ട് ;

(ഡി) കൃഷിക്കാരനോ ഉപഭോക്താവിനോ ഇതുമൂലം ലാഭമുണ്ടായിട്ടുണ്ടോ ; എങ്കിൽ എത്ര ;

(ഇ) അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന കൊപ്രയുടേയും വെളിച്ചെണ്ണയുടേയും 2005-06 മുതലുള്ള ഓരോ വർഷത്തേയും അളവെത്ര യാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പ്രവർത്തനം

143 (1736) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാന്റേഷൻ റിലീഫ് കമ്മിറ്റി ഫണ്ട് ഉപയോഗിച്ച് പീരുമേട് താലൂക്കിൽ പൂർത്തിയായിട്ടുള്ള കുടിവെള്ള പദ്ധതി നടത്തിപ്പിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി ധനകാര്യവകുപ്പിന്റെ ഇൻസ്പെക്ഷൻ വിഭാഗത്തിന് പരാതികൾ ലഭിച്ചിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly